# കറുപ്പും വെളുപ്പും

ഡോ. ഇന്ദുലാൽ ജി.



നിറങ്ങൾ ഇഴപിരിയുന്ന ആസ്പത്രിക്കിടക്കയിൽ ആരോ ചോദിച്ചു
ഇവനെ രക്ഷിച്ചവന്റെ നിറം, കറുപ്പോ, വെളുപ്പോ?
മിടിച്ചുകൊണ്ടിരുന്ന ഹൃദയം ഒരാളിലേക്ക് പറിച്ചു നടവേ
സ്വീകരിക്കുന്നവന്റെ മസ്തിഷ്കം ചോദിച്ചു, നീ
ഇന്നലെ വരെ മിടിച്ചതു കറുത്തവനു വേണ്ടിയോ അതോ?
ഒഴുകിപ്പരന്ന രക്തത്തിനു പകരം രക്തം ഞരമ്പിലൂടൊഴുകവേ
സിരകൾ ചോദിച്ചു, നീ ശ്യാമ രക്തമോ അതോ?
ശസ്ത്രക്രിയാമേശയിൽ നേത്രപടലം ചോദിച്ചു, ഞാനിനി
കാഴ്ച നൽകുന്നവൻ കറുപ്പോ വെളുപ്പോ?
വെളുത്തവന്റെ കരളായ എന്നെ നീയെടുക്കുമോ എന്നു
കറുത്തവനോട് ചോദിച്ച് ഒരു കരൾ വിതുമ്പി
വായുവിലൊഴുകിപ്പരന്ന ഒരു കവിൾ അവസാനശ്വാസം
ഇനിയൊരു കറുപ്പിലോ വെളുപ്പിലോ ചെന്നു ചേരേണ്ടതെന്ന്
അറിയാതെ അന്ധാളിച്ചൊരു മാത്ര നിന്നു
മഴ പുഴയോടാരാഞ്ഞു, ദാഹം നിറം നോക്കി മാറ്റാനാകുമോ?
നീലനിലാവു പരക്കവേ, താരകം ചോദിച്ചു
നീയിന്നേതു കവിഭാവനയ്ക്കുണർവേകും?
നാളത്തെ പ്രഭാതം നിറം നോക്കിയുദിക്കുമോ?
കറുത്തവന്റെ മഴയ്ക്ക് മാറ്റു കുറയുമോ എന്ന ചോദ്യത്തിനു
ഇടിമിന്നലുത്തരമാക്കി മഴ തലയറഞ്ഞ് ചിരിച്ചു.
കാലവും കോലവും മാറി വരവേ
ഇത്തരം ചോദ്യങ്ങൾ എങ്ങും കേൾക്കായി
മനസ്സിൽ വർണ്ണത്തിന്റെ വേലിക്കെട്ടുകൾ തീർക്കുന്ന
ചോദ്യാവലികൾ പെരുമഴപോലെ പെയ്തിറങ്ങി
ഉത്തരമില്ലാത്ത ബാലിശ വികൽപ്പങ്ങൾ എങ്ങും പാറിനടക്കവേ
അതൊക്കെയും ചെന്നു പണ്ഡിതവർഗ്ഗത്തിൽ കുടിയേറി
ഉത്തരമില്ലെന്നറിഞ്ഞിട്ടും നിറത്തിന്റെ വേർതിരിവിന്
പുതിയ പാഠങ്ങൾ പകുത്തേകി, അവർ കസാരയിലിരുന്നു
മനസ്സിൽ അന്ധകാരത്തിന്റെ നവീന വത്മീകങ്ങൾ തീർക്കാൻ
ജാതിയും മതവും വർഗ്ഗവും വർണ്ണവും അവരമ്മാനമാടി
കയ്യിൽ നിന്നും പൊയ്പ്പോയ ചെപ്പടിപ്പന്തുകൾ തിരിച്ചെടുക്കാനാവാതെ
നരവംശമൊന്നാകെ ചേരി തിരിയുന്നതും നോക്കി
നവയുഗ ഗീതികൾ പാടി അവർ കോട്ടകൊത്തളങ്ങളിൽ ചേക്കേറി
സ്വയം പടുത്തുയർത്തിയ ചില മൗഢ്യരാഗങ്ങൾ
അവർക്കായി പാടി നിർവൃതിയടഞ്ഞു
നറുനിലാവും പുഴയും മണ്ണും കാറ്റും പാടവും പൂമ്പാറ്റയും
കവിതയും സ്നേഹവും പ്രേമവും കാണാനാവാതെ
കാമവും വെറിയും കൊലയും മത്സരവും മാത്രം കണ്ട്







തളർന്നവശരായി ജീവിതം മടുത്ത
ഒരു ദേശത്തെ ഭാഗ്യജനക്കൂട്ടം അവർക്കു വായ്ത്താരി പാടി
മനസ്സിൽ നിന്നും നന്മകൾ വററിപ്പോകുന്നതിന്റെ അഴലിൽ
വംശനാശം വരുന്നതിനും മുൻപേ കണ്ണുകളിൽ
അവിശ്വാസവും, മരണഭീതിയുമൊളിപ്പിച്ച്
അന്ധവിശ്വാസത്തിന്റെ ചിതൽപ്പുറ്റുകൾ ബോധത്തിന്റെ
അഗാധതലങ്ങളിൽ തീർത്ത് അവരോടൊപ്പം ഞാനും